DESPATCHED
On 08/06/2020

29/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1115(4)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.2912/SIC-Gen 2/2018**
സന്നിഹിതൻ
ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. പി. നളിനാക്ഷൻ,
പാലഞ്ചീരി വീട്,
കയിലിയാട് പി.ഒ., ഒറ്റപ്പാലം,
പാലക്കാട് – 679 122.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
ചളവറ ഗ്രാമപഞ്ചായത്ത്,
ചളവറ പി.ഒ., പാലക്കാട് – 679 505.

2. അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ
കാര്യാലയം,
സിവിൽ സ്റ്റേഷൻ, പാലക്കാട്.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 08.11.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 05.12.2017 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 01.01.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 06.01.2018 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 20.03.2018 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 22.03.2018 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ, ഒന്നാം എതിർകക്ഷിയുടെ അധികാര പരിധിയിലുള്ള സ്ഥലത്ത് കയിലിയാട് ചരപ്പറമ്പിൽ വാസുദേവൻ ഭാര്യ ബിന്ദു ഓയിൽ & ഫ്ളോർ മിൽ സ്ഥാപിക്കുന്നതിനുള്ള ലൈസൻസ് ലഭിക്കുന്നതിനു നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങളും, രേഖകളും ചോദിച്ചിട്ട് പൂർണമായി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 09.12.19ൽ പാലക്കാട് കളക്ടറേറ്റിലെ വീഡിയോ കോൺഫറൻസിങ് സംവിധാനം വഴി ഹിയറിംഗ് നടത്തി. ഒന്നാം

എതിർകക്ഷിയും, അപ്പീൽ ഹർജിക്കാരനും ഹിയറിംഗിൽ പങ്കെടുത്തു.

3. ക്രമവിരുദ്ധമായി നിർമ്മിച്ചതാണ് ഫ്ളോർ മില്ലിന്റെ കെട്ടിടമെന്നും, 2006ൽത്തന്നെ അനധികൃതമായി നിർമ്മിച്ച കെട്ടിടം പിന്നീട് വലുതാക്കി മെഷിനറി സ്ഥാപിച്ചെന്നും, ലൈസൻസ് 2020 വരെ നീട്ടി നൽകിയെന്നും, ഇക്കാര്യങ്ങൾ വെളിച്ചത്തുകൊണ്ടു വരാനാണ് വിവരാവകാശ അപേക്ഷ നൽകിയതെന്നും അപ്പീൽ ഹർജിക്കാരൻ മൊഴി നൽകി.

4. 2006ൽ ലൈസൻസ് നൽകുമ്പോൾ കെട്ടിട നിർമാണച്ചട്ടം നിലവിലുണ്ടായിരുന്നില്ലെന്നും, അതുകൊണ്ടാണ് ഇതിന്റെ സ്കെച്ചും പ്ലാനും ഇല്ലാതെ വന്നതെന്നും ഒന്നാം എതിർകക്ഷി മൊഴി നൽകി. കെട്ടിടവുടമ ക്രമവിരുദ്ധമായി പണിത കെട്ടിടം പൊളിച്ചു മാറ്റാൻ നോട്ടീസ് നൽകിയെന്നും ടിയാൻ പറഞ്ഞു.

5. SPIO പറയുന്നത് ശരിയല്ലെന്നും, കെട്ടിടവുടമയ്ക്ക് 2020 വരെ ലൈസൻസ് നൽകിയിട്ടുണ്ടെന്നും അപ്പീൽ ഹർജിക്കാരൻ വാദിച്ചു.

6. ഇരു കക്ഷികളുടെയും മൊഴികളും, അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഇതിൽ നിന്ന്, അപ്പീൽ ഹർജിക്കാരന്റെ 08.11.17ലെ വിവരാവകാശ അപേക്ഷയ്ക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ (05.12.17) ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷൻ മനസിലാക്കുന്നു. ലഭ്യമായ വിവരങ്ങൾ വച്ച് കൃത്യമായ മറുപടി നൽകിയിട്ടുണ്ടെന്നും കമ്മീഷൻ കരുതുന്നു.

7. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 29-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

gk.